# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3679 15.12.2014 -ൽ മറുപടിക്ക്

## പി.എസ്. സി. യിലെ ജീവനക്കാരന്റെ സീനിയോറിട്ടി പുനർ സ്ഥാപനം

| ചോദ്യം<br>ശ്രീ.പി.സി വിഷ്ണുനാഥ് : | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) |
|---|---|
| എ) KS&SSR റൂൾ 8 അനുസരിച്ച് മാതൃവകുപ്പായ പി.എസ്.സി.യിലേക്ക് തിരികെ വരുന്നതിനുള്ള അപേക്ഷ ഏഴ് കൊല്ലക്കാലം തടഞ്ഞ് വയ്ക്കുകയും പിന്നീട് കോടതി വിധിയിലൂടെ പി.എസ്.സി-യിൽ പുനർ നിയമനം ലഭിച്ച ജോൺസൺ.ജി യുടെ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതും മറ്റാനുകൂല്യങ്ങൾ നൽകുന്നതും ഒന്നര കൊല്ലമായിട്ടും നടപ്പാക്കി നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) ശ്രീ.ജോൺസൺ.ജി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും വിടുതൽ ചെയ്യുമ്പോൾ ജോലി ചെയ്തിരുന്ന അറ്റൻഡർ ഗ്രേഡ് I തസ്തികയിൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് സീനിയോറിറ്റി പുന: സ്ഥാപിച്ചും ടി തസ്തികയിലെ ശമ്പളം പുനർ നിർണ്ണയിച്ചും നൽകിയിട്ടുണ്ട്. |
| ബി) KS&SSR റൂൾ 8 അനുസരിച്ച് തിരികെ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയ്ക്ക് ശേഷം പ്രൊമോഷൻ വന്നാൽ മാത്രം സീനിയോരിറ്റി നൽകിയാൽ മതിയെന്ന റൂൾസ് സെക്ഷനിലെ നിർദ്ദേശം ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (ബി) അത്തരം നിർദ്ദേശം റൂൾസ് വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടില്ല. |
| സി) ഇത്തരം ചട്ടവിരുദ്ധ പരാമർശങ്ങൾ നോട്ട് ഫയലിൽ എഴുതിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) ചട്ട വിരുദ്ധമായ പരാമർശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. |

. . . 2)

ഡി) ശ്രീ.ജോൺസൺ.ജി യുടെ മാതൃ വകുപ്പിലേയ്ക്കുള്ള മടങ്ങിവരവ് ചട്ടവിരുദ്ധമായി തടഞ്ഞ സംഭവം പോലീസ് വിജിലൻ-സിനെ കൊണ്ടോ പി.എസ്.സി അംഗങ്ങളുടെ പാനലിനെ കൊണ്ടോ സമഗ്രമായി അന്വേ-ഷിച്ച് കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാ-ക്കുമോ;

(ഡി) ഏതെങ്കിലും തരത്തിലുള്ള അന്വേഷണത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ സമീപിച്ചിട്ടില്ല.

ഇ) ശ്രീ.ജോൺസൺ.ജി യുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതിന് ഇനിയും എത്ര കാലം വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ;

(ഇ) ശ്രീ. ജോൺസൺ. ജി യുടെ സീനിയോറിറ്റി പുന:സ്ഥാപിച്ചും ടി തസ്തികയിലെ ശമ്പളം പുനർ നിർണ്ണയിച്ചും അർഹമായ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

എഫ്) സർക്കാർ സർവ്വീസ് സംബ-ന്ധിച്ച് സർക്കാരിന്റെ ഔദ്യോ-ഗിക ഉപദേശക സ്ഥാനമുള്ള പി.എസ്.സി യിൽ തന്നെ ഇത്തരം ചട്ടവിരുദ്ധ നടപടികൾ നടക്കുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാ-കുമെന്ന് വ്യക്തമാക്കുമോ?

(എഫ്) ചട്ടങ്ങളനുസരിച്ചുള്ള നടപടികൾ മാത്രമേ പി.എസ്.സി യിൽ കൈക്കൊള്ളുകയുള്ളൂ.

സെക്ഷൻ ഓഫീസർ